# വൈഗ മേള ഇന്ന് സമാപിക്കും

Manorama 31.12.17

## പ്രദർശനത്തിന് മുന്നൂറോളം സ്റ്റാളുകൾ

തൃശൂർ ● കൃഷിയുടെയും ജൈവ വൈവിധ്യത്തിന്റെയും നന്മകൾ വിളിച്ചോതിയ കാർഷികമേള വൈഗ ഇന്നു സമാപിക്കും. കാർഷികോൽപന്ന സംസ്കരണം, മൂല്യവർധന എന്നിവ അടിസ്ഥാനമാക്കി കൃഷിവകുപ്പ് കാർഷിക സർവകലാശാലയിൽ സംഘടിപ്പിച്ച മേളയുടെ സമാപന സമ്മേളനം വൈകിട്ടു മൂന്നിനു സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

സർക്കാർ-അർധസർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ ഏജൻസികൾ, യുവസംരംഭകർ, കാർഷിക സ്റ്റാർട്ടപ്പുകൾ അടക്കം മുന്നൂറോളം സ്റ്റാളുകളാണു പ്രദർശനനഗരിയിൽ വിസ്മയം തീർത്തത്.

ആദ്യ മൂന്നു ദിനങ്ങളിൽ തേൻ, വാഴപ്പഴം, നാളികേരം, ചെറുധാന്യങ്ങൾ എന്നിവയെ ആസ്പദമാക്കി സെമിനാറുകൾ നടന്നു.

യുവസംരംഭക ശിൽപശാലയിൽ മൂല്യവർധനയ്ക്ക് അനുയോജ്യമായ സാങ്കേതിക വിദ്യകൾ, പാക്കിങ്, വിപണനം എന്നീ വിഷയങ്ങൾ ചർച്ച ചെയ്തു.

പ്രൈസ് ബോർഡ് ചെയർമാൻ ഡോ. പി.രാജശേഖരന്റെ അധ്യക്ഷതയിൽ സംരംഭകത്വ മേഖലയിലെ വിദഗ്ധർ ചർച്ചകൾക്ക് നേതൃത്വം നൽകി.

**തേനീച്ചകൾക്കൊപ്പം**

## റെക്കോർഡിടാൻ നേച്ചർ

തൃശൂർ ● തേനിനു മധുരമാണെങ്കിൽ തേനീച്ചയുടെ കുത്തു കിട്ടുന്നതു നല്ല വേദനയുള്ളതാണെന്ന് അനുഭവമുള്ളവർക്ക് അറിയാം. എന്നാൽ ഒരു തേനീച്ചക്കൂട്ടത്തെ മുഴുവൻ 54 മിനിറ്റു നേരം തന്റെ തലയിൽ വഹിച്ചു റെക്കോർഡിട്ട എം.എസ്.നേച്ചർ (20) തന്റെ റെക്കോർഡു തിരുത്താൻ ഒരുങ്ങുകയാണ്.

കർണാടകയിലെ ധാർവാർഡ് കാർഷിക സർവകലാശാലയിൽ മൂന്നാം വർഷ ബിരുദ വിദ്യാർഥിയാണ് നേച്ചർ. പുതിയ ഗിന്നസ് റെക്കോർഡ് കുറിക്കാനുള്ള സാഹസിക ശ്രമം ഇന്നു രാവിലെ ഏഴു മുതൽ വൈകിട്ടു ആറുവരെ വൈഗ പ്രദർശനത്തിലെ ഹണി പാർക്കിൽ നടക്കും.